"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- "Development of Pattanam Interpretation Center, Kodungalloor Temple" എന്നീ പ്രവൃത്തികൾ- പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.647/2024/TSM തീയതി,തിരുവനന്തപുരം, 08-11-2024

പരാമർശം:-

1. സ.ഉ (സാധാ) നം.34/2018/ടൂറിസം തീയതി 10-01-2018.
2. സ.ഉ (പി ) നം. 26/2022/ധന തീയതി 07/03/2022.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 23-08-2024 തീയതിയിലെ DOT/14357/2023-P2 നമ്പർ കത്ത്.

**ഉത്തരവ്**

മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെട്ട "Development of Pattanam, Holycross, Interpretation Center, Kodungalloor Temple and St. Sebastian Chavittunadaka Museum'"- എന്ന പ്രവൃത്തികൾക്ക് "5452-01-800-84 മുസിരിസ് ഹെറിറ്റേജ് ആൻറ് സ്പൈസ് റൂട്ട് പ്രോജക്ട്സ്" എന്ന ശീർഷകത്തിൽ നിന്നും ₹9,43,21,000/- രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ "Development of Pattanam Holycross Interpretation Center , Kodungalloor Temple എന്നീ 2 പദ്ധതികൾ സമയത്തിന് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നും, എന്നാൽ നിലവിൽ ഈ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി കാലാവധി കഴിഞ്ഞതിനാൽ ടി പദ്ധതികളുടെ ബില്ലുകൾ കരാറുകാരന് അനുവദിച്ച നൽകുന്നതിന് നിലവിൽ സാധിക്കാത്ത അവസ്ഥ നിലനിൽക്കുകയാണെന്നും, ആയതിനാൽ പൂർത്തിയായ പ്രവൃത്തികളുടെ തുക അനുവദിക്കുന്നതിനായി ഭരണാനുമതി കാലാവധി 30-10-2024 തിയതി വരെ നീട്ടി നൽകുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3). ഒരു പ്രവൃത്തിയുടെ ഭരണാനുമതിയുടെ സാധുതാ കാലയളവ് ഭരണാനുമതി ഉത്തരവ് തിയതി മുതൽ 3 വർഷക്കാലത്തേയ്ക്കാണെന്നും പ്രസ്തുത കാലയളവിനുള്ളിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർവ്വഹണത്തിനായി അനുവദിച്ച നൽകിയിട്ടുണ്ടെങ്കിൽ ഭരണാനുമതി റീവാലിഡേറ്റ് ചെയ്യേണ്ട ആവശ്യമില്ലെന്നും അത്തരം സാഹചര്യങ്ങളിൽ ഭരണാനുമതിയ്ക്ക് കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് വരെ സാധുതയുണ്ടായിരിക്കുമെന്നും പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(4). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിൽ പ്രസ്തുത പ്രവൃത്തികൾ 18 മാസത്തിനകം പൂർത്തിയാക്കണമെന്ന് പ്രത്യേകമായി വ്യവസ്ഥ ചെയ്തിരുന്നതിനാൽ, 18 മാസം കഴിഞ്ഞുള്ള പ്രവൃത്തി കാലയളവിൽ ഉപകരാർ സൃഷ്ടിച്ചിരിക്കണം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ചുവടെ പറയുന്ന നിബന്ധനകളോടെ "Development of Pattanam Interpretation Center, Kodungalloor Temple" എന്നീ 2 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 30-10-2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

i) "Development of Pattanam Interpretation Cente " എന്ന പ്രവൃത്തിയുടെ ആദ്യ കരാർ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച മൂലമാണ് റദ്ദ് ചെയ്തിട്ടുള്ളതെങ്കിൽ ആദ്യ കരാറുകാരന്റെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത കരാർ റദ്ദ് ചെയ്യേണ്ടതും നഷ്ടോത്തരവാദം പൂർണമായും ഈടാക്കേണ്ടതുമാണ്.

ii) നിർവ്വഹണ ഏജൻസിയുടെയും കരാറുകാരന്റെയും ഭാഗത്ത് നിന്നുള്ള വീഴ്ച മൂലമാണ് പ്രസ്തുത 2 പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തതെങ്കിൽ നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ലെന്നും വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ (പിയു-സി) വകുപ്പ് (ഫയൽ നമ്പർ 2908646/പിയു-സി3/140/2024-ധന)
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/223/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 11-11-2024 10:48:03

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.